പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4978 1.7.2013 ലെ മറുപടിക്ക്

**ഇന്ത്യൻ റിസർവ്വ് ബറ്റാലിയനിലെ സേനാംഗങ്ങളുടെ യോഗ്യതകളും സേവനവേതന വ്യവസ്ഥകളും**

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | മറുപടി<br>തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് രൂപീകരിച്ച ഇന്ത്യൻ റിസർവ്വ് ബറ്റാലിയനിലെ റെഗുലർ വിംഗിലേക്ക് സേനാംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ യോഗ്യതകൾ സംബന്ധിച്ച് വിശദാംശം നൽകുമോ; | എ) ഇന്ത്യാ റിസർവ്വ് ബറ്റാലിയനിലെ റെഗുലർ വിംഗിലേക്കുള്ള തെരഞ്ഞെടുക്കപ്പെടുന്ന സേനാംഗങ്ങൾക്കായുള്ള യോഗ്യതകൾ താഴെ ചേർക്കുന്നു.<br>(a)<u>വിദ്യാഭ്യാസയോഗ്യത:</u><br>എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ പാസായിരിക്കണം (എസ്.സി/എസ്.ടി വിഭാഗത്തിൽ യോഗ്യതയുള്ള ആൾക്കാർ ലഭ്യമല്ലാത്ത പക്ഷം, പ്രസ്തുത വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളിൽ എസ്.എസ്.എൽ.സി പരീക്ഷ തോറ്റവരെയും പരിഗണിക്കുന്നതാണ്.)<br>(b) <u>പ്രായ പരിധി:</u> അപേക്ഷ ക്ഷണിക്കുന്ന അവസരത്തിൽ ജനുവരി 1 ന് 18 വയസിനും 25 വയസിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം (പരമാവധി പ്രായപരിധി ഒ.ബി.സി ക്കാർക്ക് 28 ഉം എസ്.സി/എസ്.റ്റി വിഭാഗക്കാർക്ക് 30 ഉം വിമുക്ത ഭടൻമാർക്ക് 40 ഉം ആയി ഇളവ് നൽകിയിട്ടുണ്ട്.)<br>(c) <u>ശാരീരിക യോഗ്യതകൾ</u> (i): കുറഞ്ഞ പൊക്കം 167 cm ഉം, കുറഞ്ഞ നെഞ്ചളവ് 81 cm ഉം, 5 cm വികാസവും ഉണ്ടായിരിക്കണം (എസ്.സി/എസ്.റ്റിക്കാർക്ക് കുറഞ്ഞ പൊക്കം 160 cm ഉം (ii) കുറഞ്ഞ നെഞ്ചളവ് 76 cm ഉം, 5 cm വികാസവുമായി ഇളവ് നൽകിയിട്ടുണ്ട്). രണ്ടു കണ്ണുകൾക്കും ദൂരക്കാഴ്ച 6/6 ഉം അടുത്തുള്ള കാഴ്ച 0.5 ഉം ആവശ്യമാണ്.<br>(iii) ശാരീരിക അവശതകൾ/അസ്വസ്ഥതകൾ ഉള്ളവരായിരിക്കരുത്.<br>(d) <u>കായിക ക്ഷമത:</u> 3 കിലോമീറ്റർ 13 മിനിട്ട് കൊണ്ട് ഓടിയെത്തുന്നവരെ പി.എസ്.സി പരീക്ഷയ്ക്കായി ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ |

തയ്യാറാക്കപ്പെടുന്ന പി.എസ്.സി. ലിസ്റ്റിൽ നിന്നും താഴെ പറയുന്ന 8 ഇനം കായികക്ഷമത പരീക്ഷയിൽ ഏതെങ്കിലും 5 എണ്ണം പാസാകുന്നവരെയാണ് ഇന്ത്യ റിസർവ്വ് ബറ്റാലിയൻ റെഗുലർ വിംഗിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്.

**Standard of Physical Efficiency**

| | Item | One Star |
|---|---|---|
| 1. | 100 Metres Run | 14 Seconds |
| 2. | High jump | 132.20 cm. (4' 6") |
| 3. | Long jump | 457.20 cm (15') |
| 4. | Putting the shot of 7264 grams | 609.60 cm (20') |
| 5. | Throwing the cricket ball | 6096 cm (200') |
| 6. | Rope climbing (only with hands) | 365.80 cm (12') |
| 7. | Pull ups or chinning | 8 times |
| 8. | 1500 metres run | 5 minutes and 44 seconds |

(e) പി.എസ്.സിയുമായി ചർച്ച ചെയ്തു, മെഡിക്കൽ ടെസ്റ്റിന് വിധേയവുമാക്കിയാണ് അന്തിമ തെരഞ്ഞെടുപ്പ് നടത്തുന്നത്.

| | |
|---|---|
| ബി) കേരളാ പോലീസിൽ നിന്നും യോഗ്യതയിലും ട്രെയിനിംഗിലും വ്യത്യാസം പുലർത്തുന്ന പ്രസ്തുത സേനാംഗങ്ങൾക്ക് എന്തുകൊണ്ടാണ് വേതനവ്യവസ്ഥകളിൽ മാറ്റം വരുത്താത്തത്; കാരണം വിശദമാക്കാമോ; | (ബിയും, സിയും) വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. |
| സി ) പ്രസ്തുത സേനാംഗങ്ങൾക്ക് ആനുകൂല്യങ്ങളും അലവൻസുകളും മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ